## 738

സാധുവെന്നെ കൈവിടാതെ
നാഥനെന്നും നടത്തിടുന്നു

1 അന്ത്യത്തോളം ചിറകടിയിൽ അവൻ കാത്തിടും ധരയിൽ
ആപത്തിലും രോഗത്തിലും അവനാണെനിക്കഭയം-

2 കണ്ണുനീരിൻ താഴ്‌വരയിൽ കരയുന്ന വേളകളിൽ
കൈവിടില്ലെൻ കർത്തനെന്റെ കണ്ണുനീരെല്ലാം തുടയ്ക്കും-

3 കൊടുങ്കാറ്റും തിരമാലയും പടകിൽ വന്നാഞ്ഞടിക്കും
നേരമെന്റെ ചാരേയുണ്ട് നാഥനെന്നും വല്ലഭനായ്-

4 വിണ്ണിലെന്റെ വീടൊരുക്കി വേഗം വന്നിടും പ്രിയനായ്
വേലചെയ്തെൻ നാൾകൾ തീർന്നു വീട്ടിൽ ചെല്ലും ഞാനൊടുവിൽ **C.J.**